*Press Clipping*

The Resource Centre

Publication : Mangalam

Date : Saturday, February 06, 2010

Edition : Kochi

Page : 11

Headline : India has firm belief in IPCC: Manmohan Singh

■ പചൗരിക്ക് പ്രധാനമന്ത്രിയുടെ പിന്തുണ

# ഐ.പി.സി.സി. നടപടികളിൽ ഇന്ത്യക്ക് പൂർണവിശ്വാസം: മൻമോഹൻ സിംഗ്

ന്യൂഡൽഹി: കാലാവസ്ഥാ വ്യതിയാനം നിരീക്ഷിക്കുന്ന രാജ്യാന്തര സമിതിയുടെ(ഐ.പി.സി.സി) നടപടികളിൽ ഇന്ത്യക്കു പൂർണ വിശ്വാസമുണ്ടെന്നു പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ്. ഡൽഹിയിൽ സുസ്ഥിരവികസന ഉച്ചകോടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഹിമാലയൻ മഞ്ഞുപാളികളുടെ ഉരുകൽ സംബന്ധിച്ച ഐ.പി.സി.സി. റിപ്പോർട്ടിലെ വെളിപ്പെടുത്തലുകളെത്തുടർന്ന് വിവാദത്തിലകപ്പെട്ട ഐ.പി.സി.സി. അധ്യക്ഷൻ ആർ.കെ. പചൗരിയെ പ്രധാനമന്ത്രി പിന്തുണച്ചു. ഐ.പി.സി.സിയുടെ നേതൃത്വത്തെ പൂർണ വിശ്വാസമാണെന്നും കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ നേരിടാനായി പചൗരി നൽകുന്ന സംഭാവനകളെ ബഹുമാനിക്കുന്നതായും പ്രധാനമന്ത്രി പറഞ്ഞു. കാലാവസ്ഥാ വ്യതിയാനവും ഊർജ പ്രതിസന്ധിയും നേരിടാനായി പചൗരി നേതൃത്വം നൽകുന്ന ഊർജ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് (ടി.ഇ.ആർ.ഐ) നൽകിയ സംഭാവനകൾ രാജ്യാന്തര അംഗീകാരം ആർജിച്ചതായി പ്രധാനമന്ത്രി വ്യക്തമാക്കി.



■ ന്യൂഡൽഹിയിൽ സുസ്ഥിരവികസന ഉച്ചകോടിയുടെ ഉദ്ഘാടനച്ചടങ്ങിൽ ഐ.പി.സി.സി. അധ്യക്ഷൻ ആർ.കെ. പചൗരിയും കേന്ദ്ര പരിസ്ഥിതി സഹമന്ത്രി ജയ്റാം രമേഷും.

ഐ.പി.സി.സിയുടെ 2007ലെ റിപ്പോർട്ടിൽ ആഗോളതാപനം മൂലം 2035-നുള്ളിൽ ഹിമാലയൻ മഞ്ഞുപാളികൾ ഉരുകിത്തീരുമെന്നു വെളിപ്പെടുത്തിയിരുന്നു.

റിപ്പോർട്ടിലെ വിവരങ്ങൾ തെറ്റാണെന്ന് സർക്കാർ പിന്നീട് വ്യക്തമാക്കി. ഇത്തരമൊരു തെറ്റ് ഉൾപ്പെട്ടത് യാദൃശ്ചികമല്ലെന്നും പചൗരി രാജിവയ്ക്കണമെന്നും വിവിധ ഭാഗങ്ങളിൽനിന്ന് ആവശ്യമുയർന്നു. ഇതിനോടുള്ള സർക്കാരിന്റെ പ്രതികരണമാണ് പ്രധാനമന്ത്രി വ്യക്തമാക്കിയത്.